**റിപ്പോർട്ടുകളുടെ സമർപ്പണം**

(1) കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ റിപ്പോർട്ട്

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽകുമാർ): സർ, കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ ചെയർമാനായ ഞാൻ, 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കുന്നു.

(2) വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ റിപ്പോർട്ട്

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ ചെയർമാനായ ഞാൻ, 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കുന്നു.

(3) വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ റിപ്പോർട്ട്

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. ടി. പി. രാമകൃഷ്ണൻ): സർ, വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-

ന്റെ ചെയർമാനായ ഞാൻ, 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കുന്നു.

(4) തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ റിപ്പോർട്ട്

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ചെയർമാനായ ഞാൻ, 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കുന്നു.

(5) 2017-ലെ കേരള ധനകാര്യ ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ റിപ്പോർട്ട്

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ ചെയർമാനായ ഞാൻ, 2017-ലെ കേരള ധനകാര്യ ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

(6) വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ റിപ്പോർട്ട്

(i) 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്

(ii) 2016-2017 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ ചെയർമാനായ ഞാൻ, 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2016-2017 സാമ്പത്തിക വർഷത്തെ പീരിയോഡിക്കൽ റിപ്പോർട്ടും സമർപ്പിക്കുന്നു.

(7) പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ നാൽപത്തിരണ്ട് മുതൽ അൻപത്തിനാല് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. സി. ദിവാകരൻ : സർ, പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നാൽപ്പത്തിരണ്ട് മുതൽ അൻപത്തിനാല് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(8) ഹർജികൾ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്

ശ്രീ. രാജു എബ്രഹാം : സർ, ഹർജികൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(9) സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട്

ശ്രീമതി പി. അയിഷാ പോറ്റി: സർ, സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.